**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2696** **06-10-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വീട്, കടമുറികൾ, കോട്ടേജ്, പമ്പ് ഹൗസ്, ഷെഡുകൾ (കൃഷി ആവശ്യത്തിന്), തുടങ്ങി വിവിധ ആവശ്യങ്ങൾക്കായുള്ള വൈദ്യുതി ലഭിക്കുന്നതിന് വേണ്ടി അപേക്ഷ നൽകുമ്പോൾ ഒരേതരത്തിലുള്ള നടപടിക്രമങ്ങളാണോ സ്വീകരിക്കേണ്ടത്; വിശദമാക്കാമോ; | (എ) | വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ ഡിസംബർ 2024 മുതൽ ഓൺ ലൈനായാണ് (wss.kseb.in / WSS portal വഴി) കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുന്നത്. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ മാത്രം ആവശ്യപ്പെട്ടുകൊണ്ടു കെ.എസ്.ഇ.ബി. എൽ നിലവിൽ വൈദ്യുതി കണക്ഷൻ നൽകി വരുന്നു.<br><br>എന്നാൽ ഗവൺമെന്റ് സബ്സിഡി ലഭ്യമാക്കേണ്ട കാർഷിക കണക്ഷനുകൾക്ക് ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾ ക്കനുസൃ തമായും, ബന്ധപ്പെട്ട അധികാരിയിൽ നിന്ന് അംഗീകാരപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കുന്നപക്ഷവുമാണ് സബ്സിഡി ലഭിക്കേണ്ട കാർഷിക കണക്ഷൻ നൽകിവരുന്നത്.<br><br>ചെറു ചെറുകിട വൻകിട വ്യവസായങ്ങൾക്കു HT/EHT കണക്ഷനുകളാണ് ആവശ്യ മെങ്കിൽ മേല്പറഞ്ഞ നടപടികൾക്ക് പുറമെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്കീം അപ്രൂവൽ /എനെർജിസേഷൻ അപ്രൂവൽ എന്നിവ കൂടി പരിശോധിച്ചു വൈദ്യുതി കണക്ഷൻ നൽകിവരുന്നു. |
| (ബി) | ഒക്യുപ്പൻസി അനുസരിച്ച് അപേക്ഷ നടപടിക്രമങ്ങളിൽ മാറ്റമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ ഡിസംബർ 2024 മുതൽ ഓൺ ലൈനായാണ് (wss.kseb.in / WSS portal വഴി) കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുന്നത്. സാധാരണഗതിയിൽ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകൾ മാത്രം ആവശ്യപ്പെട്ടുകൊണ്ടു കെ.എസ്.ഇ.ബി. എൽ നിലവിൽ വൈദ്യുതി കണക്ഷൻ നൽകി വരുന്നു.<br><br>എന്നാൽ ഗവൺമെന്റ് സബ്സിഡി ലഭ്യമാക്കേണ്ട കാർഷിക കണക്ഷനുകൾക്ക് ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾ ക്കനുസൃ തമായും, ബന്ധപ്പെട്ട അധികാരിയിൽ നിന്ന് അംഗീകാരപത്രമോ സർട്ടിഫിക്കറ്റോ ഹാജരാക്കുന്നപക്ഷവുമാണ് സബ്സിഡി ലഭിക്കേണ്ട കാർഷിക കണക്ഷൻ നൽകിവരുന്നത്. |

<table>
<tr><td></td><td></td><td></td><td>ചെറു ചെറുകിട വൻകിട വ്യവസായങ്ങൾക്കു HT/EHT കണക്ഷനുകളാണ് ആവശ്യ മെങ്കിൽ മേല്പറഞ്ഞ നടപടികൾക്ക് പുറമെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ സ്കീം അപ്രൂവൽ /എനെർജിസേഷൻ അപ്രൂവൽ എന്നിവ കൂടി പരിശോധിച്ച വൈദ്യുതി കണക്ഷൻ നൽകിവരുന്നു.</td></tr>
<tr><td>(സി)</td><td>പ്രസ്തുത സ്ഥാപനങ്ങളിലേക്കെല്ലാം അപേക്ഷ സമർപ്പിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള സമയപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?</td><td>(സി)</td><td>കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് പ്രകാരം, വിതരണ സംവിധാനത്തിന്റെ വിപുലീകരണമോ, മാറ്റമോ, ആവശ്യ മില്ലാത്ത സാഹചര്യത്തിൽ മെട്രോ നഗരങ്ങളിൽ 3 ദിവസത്തിനുള്ളിലും നഗരങ്ങളിൽ 7 ദിവസത്തിനുള്ളിലും മറ്റു പ്രദേശങ്ങളിൽ 1 മാസത്തിനുള്ളിലും കണക്ഷൻ നൽകാൻ വ്യവസ്ഥ ചെയ്യുന്നു. വിതരണ സംവിധാനത്തിന്റെ വിപുലീകരണമോ, മാറ്റമോ ആവശ്യമുള്ള സാഹച ര്യത്തിൽ താഴെപ്പറയുന്ന സമയക്രമമാണ് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡിൽ പറഞ്ഞിരിക്കുന്നത്.
<table>
<tr><th>പ്രവൃത്തി</th><th>സമയപരിധി</th></tr>
<tr><td>എൽ.ടി. ലൈൻ (സിംഗിൾ ഫേസിൽ നിന്നു ത്രീ ഫേസിലേക്ക് മാറുന്നതും ഉൾപ്പെടെ)</td><td>ആദ്യ 1 കിലോമീറ്റർ (അഥവാ അതിന്റെ ഭാഗം) വരെ – 45 ദിവസം; തുടർന്നു ഓരോ അധിക കിലോമീറ്ററിനും (അഥവാ അതിന്റെ ഭാഗം) – 15 ദിവസം</td></tr>
<tr><td>എച്ച്.ടി. ലൈൻ</td><td>ആദ്യ 1 കിലോമീറ്റർ (അഥവാ അതിന്റെ ഭാഗം) വരെ – 3 മാസം; തുടർന്നു ഓരോ അധിക കിലോമീറ്ററിനും (അഥവാ അതിന്റെ ഭാഗം) – 1 മാസം</td></tr>
<tr><td>66kV / 110kV ലൈൻ</td><td>ആദ്യ 5 കിലോമീറ്റർ (അഥവാ അതിന്റെ ഭാഗം) വരെ – 1 വർഷം; തുടർന്നു ഓരോ അധിക കിലോമീറ്ററിനും (അഥവാ അതിന്റെ ഭാഗം) – 3 മാസം</td></tr>
<tr><td>220kV ലൈൻ</td><td>ആദ്യ 5 കിലോമീറ്റർ (അഥവാ അതിന്റെ ഭാഗം) വരെ – 2 വർഷം; തുടർന്നു</td></tr>
</table>
</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | | | ഓരോ അധിക കിലോമീറ്ററിനും<br><br>(അഥവാ അതിന്റെ ഭാഗം) – 3 മാസം |
| | | | | പുതിയ വിതരണ ട്രാൻസ്ഫോർമർ, അനുബന്ധ സ്വിച്ച്ഗിയർ / ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധനവും അനുബന്ധ ഉപകരണങ്ങളും | 2 മാസം |

സെക്ഷൻ ഓഫീസർ